# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

*നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1701* 14.12.2012 *ലെ മറുപടിക്ക്*

## സ്റ്റാഫ് സ്റ്റാൻഡർഡൈസേഷൻ കമ്മിറ്റി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചിറയം ഗോപകുമാർ : | | ഡോ. എം. കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി ) | |
| (എ) | പഞ്ചായത്തുകളിലെ സ്റ്റാഫ് പാറ്റേൺ പുനർനിർണ്ണയിക്കുന്നതിനായി നിയമിച്ച കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിലെ പ്രധാന നിർദ്ദേശങ്ങൾ വിവരിക്കാമോ; | (എ) | പഞ്ചായത്തിലെ സ്റ്റാഫ് പാറ്റേൺ പുനർ നിർണ്ണയിക്കുന്നതിനായി നിയമിച്ച കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) | അശാസ്ത്രീയമായ സ്റ്റാഫ് വിന്യാസത്തിന് പരിഹാരം കാണാൻ ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ? | (ബി) | ഗ്രാമ പഞ്ചായത്തുകളിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നതിനായി സർക്കാർ നിയോഗിച്ച രണ്ടംഗ സമിതി സമർപ്പിച്ച റിപ്പോർട്ട് വിശദമായി പരിശോധിച്ച് ശുപാർശകൾ സമർപ്പിക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ എക്സ്പെൻഡിച്ചർ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി, പഞ്ചായത്ത് ഡയറക്ടർ, സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ എന്നിവർ ഉൾപ്പെട്ട ആറംഗ സമിതിയെ നിയോഗിച്ചിട്ടുണ്ട്. ശുപാർശകൾ ഇപ്പോൾ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

സെക്ഷൻ ഓഫീസർ